⇨ പ്രതിവർഷം 6 ലക്ഷം ടൺ സംഭരണ ശേഷിയുള്ള പ്ലാന്റ് പുതുവൈപ്പിനിൽ തുടങ്ങാൻ ആലോചിക്കുന്നത് ⇨

## കേരളത്തിലെ എണ്ണയുദ്ധങ്ങൾ

പെട്രോളിയം ഉത്പന്നങ്ങളെ ആശ്രയിക്കുന്ന സമ്പദ്‌വ്യവസ്ഥ ആഗോളമായി പ്രതിസന്ധി നേരിടുമ്പോൾ ഊഹക്കച്ചവടത്തിലൂടെ എണ്ണ വിറ്റ് പരമാവധി ലാഭമുണ്ടാക്കാൻ വലിയ സംഭരണശാലകൾ നിർമ്മിക്കുകയാണ് എണ്ണക്കമ്പനികൾ. കേരളം ഈ നീക്കത്തിന് ഇരയായിത്തീരാൻ പോവുകയാണോ?

**ഒരു അന്വേഷണം**

# പുതുവൈപ്പ് ദുരന്തഭൂമിയാക്കാൻ ഞങ്ങൾ അനുവദിക്കില്ല

2009 മുതൽ എറണാകുളം വൈപ്പിൻ കരയിലെ ജനങ്ങൾ അവരുടെ സ്വൈര്യജീവിതത്തിന് ഭീഷണി ഉയർത്തുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നിർദ്ദിഷ്ട എൽ.പി.ജി സംഭരണശാലയ്ക്കെതിരെ സമരത്തിലാണ്. വൈപ്പിൻ ദ്വീപിന്റെ ജൈവ ആവാസ വ്യവസ്ഥയേയും മത്സ്യബന്ധനം അടക്കമുള്ള പരമ്പരാഗത തൊഴിൽ മേഖലയേയും തകർക്കുകയും അപകടഭീതി ഉയർത്തുകയും ചെയ്യുന്ന പദ്ധതി ജനവാസമേഖലയിൽ വേണ്ട എന്ന ഉറച്ച നിലപാടിലാണ് തദ്ദേശീയർ. പദ്ധതിക്ക് നേതൃത്വം നൽകുന്ന സമരസമിതി ചെയർമാൻ സംസാരിക്കുന്നു.

**എം.ബി. ജയഘോഷ്**

തയ്യാറാക്കിയത്:
**മാനസി. എം, നിഖിൽ വർഗീസ്**

**പുതുവൈപ്പ് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ എൽ.പി.ജി സംഭരണ പ്ലാന്റിനെതിരെ ഏറെ വർഷങ്ങളായി സമരത്തിലാണല്ലോ നിങ്ങൾ. എന്താണ് ഈ പദ്ധതി? എന്തുകൊണ്ടാണ് പുതുവൈപ്പ് ഐ.ഒ.സി–എൽ.പി.ജി ടെർമിനൽ ഒരു അനാവശ്യ പദ്ധതിയാണെന്ന് നിങ്ങൾ പറയുന്നത്?**

പുതുവൈപ്പ് ഐ.ഒ.സി–എൽ.പി.ജി പ്ലാന്റ് ഇന്നത്തെ സാഹചര്യത്തിൽ അപ്രസക്തമാണ്. പ്രൊജക്ട് റിപ്പോർട്ട് പ്രകാരം കേരളത്തിലെയും തമിഴ്നാടിന്റെ തെക്കു പടിഞ്ഞാറൻ ഭാഗങ്ങളിലെയും എൽ.പി.ജി ആവശ്യങ്ങൾ നിറവേറ്റുക എന്ന ലക്ഷ്യത്തോടെയാണ് പുതുവൈപ്പിൽ ഈ പദ്ധതി ആരംഭിക്കുന്നത്. ഇതിനായി 15450 ടൺ (പ്രതിവർഷം ആറ് ലക്ഷം ടൺ) ശേഷിയുള്ള സംഭരണശാലയാണ് പണിയാൻ ഉദ്ദേശിക്കുന്നത്. മൗണ്ടഡ് സ്റ്റോറേജുകളിൽ എൽ.പി.ജി സംഭരിക്കുകയും ഇത് ടാങ്കറുകളിലേക്ക് നിറക്കുകയുമാണ് ഇവിടെ ചെയ്യുക. ഒരു സമയത്ത് 16 ടാങ്കർ എന്ന കണക്കിൽ ഒരു ദിവസം അഞ്ഞൂറോളം ടാങ്കറുകൾ കൈകാര്യം ചെയ്യാനുള്ള ശേഷി പദ്ധതിക്കുണ്ടെന്ന് ഐ.ഒ.സി അവകാശപ്പെടുന്നു. പദ്ധതിയുടെ നീതീകരണത്തിനായി പ്രൊജക്ട് റിപ്പോർട്ടിൽ പറയുന്നത് ഇപ്രകാരമാണ്. “ഒരു വർഷം ആറ് ലക്ഷം ടൺ എൽ.പി.ജിയാണ് കേരളത്തിന് ആവശ്യമായി വരുന്നത്. ഈ അളവ് ഓരോ വർഷവും എട്ട് ശതമാനം വർദ്ധിക്കുകയാണ്. ബി.പി.സി.എൽ കൊച്ചിൻ റിഫൈനറി ഓരോ വർഷവും ആറ് ലക്ഷം ടൺ എൽ.പി.ജി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിന്റെ മുപ്പത് ശതമാനം തമിഴ്നാടിനും കർണ്ണാടകയ്ക്കും നൽകുന്നതിനാൽ കേരളത്തിൽ പ്രതിവർഷം 2.85 ലക്ഷം ടൺ എൽ.പി.ജിയുടെ കുറവുണ്ട്. ഈ കുറവ് നിലവിൽ പരിഹരിച്ചുകൊണ്ടിരിക്കുന്നത് മംഗലാപുരത്തെ (Mangalore Refinaries and Petrol Chemical Ltd.) എൽ.പി.ജി ഇറക്കുമതി ശാലയിൽ നിന്നുമാണ്. ഈ സാഹചര്യം ചൂണ്ടികാണിച്ചുകൊണ്ടാണ് പ്രതിവർഷം 6 ലക്ഷം ടൺ സംഭരണ ശേഷിയുള്ള പ്ലാന്റ് പുതുവൈപ്പിനിൽ തുടങ്ങാൻ ആലോചിക്കുന്നത്”.

എന്നാൽ 2012 ഒക്ടോബറിൽ തമിഴ്നാട്ടിലെ എന്നോർ പോർട്ടിൽ ആറ് ലക്ഷം ടൺ ശേഷിയുള്ള എൽ.പി.ജി സംഭരണശാല പ്രവർത്തനക്ഷമമായി. അതോടൊപ്പം, കൊച്ചി–ബി.പി.സി.എൽ 16,500 കോടി രൂപയുടെ integrated refinery expansion പ്രൊജക്ട് പൂർത്തീകരിച്ചു. ബി.പി.സി.എൽ കൊച്ചിൻ റിഫൈന

റിയുടെ ആകെ ശേഷി 15.5 മില്യൺ ടൺ ആയി വർദ്ധിപ്പിച്ചു. ഇതോടെ കേരളത്തിലെയും തമിഴ്നാട്ടിലെയും എൽ.പി.ജി സംഭരണത്തിലെ കുറവ് പരിഹരിക്കപ്പെട്ടു. അടുത്ത 20 വർഷത്തേക്ക് കേരളത്തിന്റെ എൽ.പി.ജി ആവശ്യങ്ങൾ നിറവേറ്റാൻ ബി.പി.സി.എൽ പ്ലാന്റിന് സാധിക്കും. ഇതോടൊപ്പം ചേർത്ത് വായിക്കേണ്ട രണ്ട് കാര്യങ്ങൾ കൂടിയുണ്ട്. കേരളത്തിൽ എൽ.പി.ജി ഉപഭോഗത്തിൽ വലിയ അളവിലുള്ള വർദ്ധനവ് ഉണ്ടാകുന്നില്ല. ലോകരാജ്യങ്ങളിലൊന്നും തന്നെ അടുത്ത ഇരുപത് വർഷത്തിനപ്പുറത്തേക്ക് പെട്രോളിയം ഉത്പ്പന്നങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. കാലാവസ്ഥാവ്യതിയാനവും പെട്രോളിയം വിഭവ സ്രോതസ്സുകളുടെ പരിമിതിയും ആണ് ഇതിനുള്ള പ്രധാന കാരണം. അതുകൊണ്ടുതന്നെ ബദൽ സംവിധാനങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിലാണ് എല്ലാ രാജ്യങ്ങളും. വിഭവ പരിമിതി ഇത്രത്തോളം രൂക്ഷമായ സാഹചര്യത്തിലാണ് വരുന്ന മുപ്പത് വർഷത്തേക്കുള്ള ആവശ്യം ചൂണ്ടികാണിച്ചുക്കൊണ്ട് വൈപ്പിനിൽ ഒരു പദ്ധതി വരാനിരിക്കുന്നത്.

ചില നിക്ഷിപ്ത താത്പര്യക്കാർക്ക് വേണ്ടിയാണ് പുതുവൈപ്പിനിൽ വീണ്ടും പ്ലാന്റ് പരിഗണിക്കാനിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ ലാഭം പ്രതീക്ഷിക്കുന്ന തത്പരകക്ഷികളാണ് ഇവരിൽ പ്രധാനികൾ. നിർമ്മാണപ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൃത്യമായ വിഹിതം ലഭിക്കുന്നുണ്ട് എന്നതാണ് മറ്റൊരു കാരണം. അദാനി ഗ്രൂപ്പിന്റെ നിക്ഷേപതാത്പര്യങ്ങളും ഇവിടെ പ്രകടമാണ്. അദാനിയുടെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും വാണിജ്യ ബന്ധമാണ് സിറ്റി ഗ്യാസ്, എസ്.എൻ.ജി എന്നീ പദ്ധതികളിലും പ്രകടമായിട്ടുള്ളത്. കോർപ്പറേറ്റുകളുടെ താത്പര്യ

ചില നിക്ഷിപ്ത താത്പര്യക്കാർക്ക് വേണ്ടിയാണ് പുതുവെപ്പിനിൽ വീണ്ടും പ്ലാന്റ് പരിഗണിക്കാനിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളുടെ ലാഭം പ്രതീക്ഷിക്കുന്ന തത്പരകക്ഷികളാണ് ഇവരിൽ പ്രധാനികൾ. നിർമ്മാണപ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൃത്യമായ വിഹിതം ലഭിക്കുന്നുണ്ട് എന്നതാണ് മറ്റൊരു കാരണം. അദാനി ഗ്രൂപ്പിന്റെ നിക്ഷേപതാത്പര്യങ്ങളും ഇവിടെ പ്രകടമാണ്.

ങ്ങൾ നിർവ്വഹിക്കാനായി ഇന്ത്യയുടെ തീരദേശങ്ങൾ മാറ്റിവെച്ചിരിക്കുന്നു എന്നാണ് സർക്കാറും പറഞ്ഞുവെക്കുന്നത്.

**പ്രദേശവാസികളുടെ മുൻകൈയിൽ ഐ.ഒ.സി പദ്ധതിക്കെതിരെ സമരം തുടങ്ങിയിട്ട് പത്ത് വർഷത്തോളമാകുന്നു. തളരാത്ത ഈ സമരവീര്യത്തിന്റെ നാൾവഴികൾ വിശദമാക്കാമോ?**

പുതുവൈപ്പ് ഐ.ഒ.സി-എൽ.പി.ജി ടെർമിനൽ വിരുദ്ധ സമരം ആരംഭിച്ചിട്ട് ഇത് പത്താം വർഷമാണ്. പദ്ധതി വരുന്ന നാളുകളിൽ തന്നെ സമരവും ഇവിടെ ആരംഭിച്ചിട്ടുണ്ട്. എന്നാൽ സംഘാടനത്തിൽ ചില പാളിച്ചകൾ സംഭവിച്ചതുകൊണ്ട് പലപ്പോഴും സമരത്തിന്റെ ശക്തി കുറഞ്ഞുപോയിട്ടുണ്ട്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും കബളിപ്പിച്ചുമാണ് കമ്പനി നിർമ്മാണം തുടങ്ങുന്നത്. ചേളാരിയിലെയും ഉദയംപേരൂരിലെയും പോലെ എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റാണ് വരാൻ പോകുന്നത് എന്നാണ് അന്ന് മാദ്ധ്യമങ്ങളടക്കം പറഞ്ഞിരുന്നത്. നിർമ്മാണം തുടങ്ങിയ ശേഷമാണ് യഥാർത്ഥ വസ്തുത പലരും തിരിച്ചറിയുന്നത്. 2009ൽ കമ്പനിക്കുവേണ്ടി റോഡ് നിർമ്മിക്കുന്നതിനായി പഴയ കടൽഭിത്തി പൊളിക്കുന്നതിനെതിരെ സമരം നടക്കുകയും സമരക്കാരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. അതിനുശേഷമാണ് ഇപ്പോഴത്തെ എൽ.പി.ജി ടെർമിനൽ വിരുദ്ധ ജനകീയ സമര സമിതി രൂപീകരിക്കുന്നത്. ഈ സമയത്തെല്ലാം കമ്പനി അനധികൃതമായി നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. വിവരാവകാശ നിയമപ്രകാരം കമ്പനിയുടെ നിർമ്മാണത്തെക്കുറിച്ച് ചോദിച്ചപ്പോൾ “we are awaiting permission” എന്നാണ് മറുപടി ലഭിച്ചത്. 2010 മാർച്ച് 15ന് സമരസമിതി നിർമ്മാണ പ്രവർത്തന ഉപരോധിച്ചു. ഈ സമരം ഉദ്ഘാടനം ചെയ്തത് പരിസ്ഥിതി പ്രവർത്തകയായ ഡോ. എ. ലതയായിരുന്നു. ഇതിനെ തുടർന്ന് കുറച്ചുകാലം നിർമ്മാണം നിർത്തിവച്ചു. 2010 ജൂലായ് മാസത്തോടെ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭ്യമായി. പിന്നീട് ചുറ്റുമതിൽ (മത്സ്യത്തൊഴിലാളികൾ കടപ്പുറത്തേക്ക് പോകാൻ ഉപയോഗിച്ചിരുന്ന വഴി തടസ്സപ്പെടുന്ന വിധത്തിൽ) പണിയുന്നതുമായി ബന്ധപ്പെട്ടും ഗേറ്റ് വയ്ക്കുന്നതിനെതിരെയും സമരങ്ങളും നിയമപോരാട്ടങ്ങളും നടന്നു. മതിൽ പണിക്ക് പഞ്ചായത്ത് സ്റ്റോപ് മെമ്മോ നൽകി. ഇതൊന്നും വകവയ്ക്കാതെ

⇨ സമരം പരിഹരിക്കുന്നതിനുള്ള സമ്മർദ്ദം ശക്തമായതോടെ ജൂൺ 21ന് തിരുവനന്തപുരത്ത് വച്ച് സർവ്വകക്ഷി യോഗം വിളിച്ചു ⇨



പുതുവൈപ്പ് ഐ.ഒ.സി പദ്ധതി പ്രദേശം

കമ്പനി മതിൽ പണി തുടർന്നു. കടലിലേക്കുള്ള വഴി തടസ്സപ്പെടുത്തി ഗേറ്റ് വയ്ക്കാൻ ശ്രമിച്ചപ്പോൾ ഈസ്മെന്റ് ആക്ട് പ്രകാരം കോടതിയെ സമീപിച്ചു. ഇതിനെത്തുടർന്നാണ് ഗേറ്റ് വയ്ക്കാനുള്ള ശ്രമം കമ്പനി ഉപേക്ഷിച്ചത്. പിന്നീട് കുറച്ചുനാൾ പദ്ധതി തന്നെ ഉപേക്ഷിക്കപ്പെട്ടു എന്ന തരത്തിലുള്ള വിവരങ്ങളാണ് ഞങ്ങൾക്ക് കിട്ടിയത്. 2015ൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതോടെ ഞങ്ങൾ സമരം വീണ്ടും ശക്തമാക്കി. നിർമ്മാണത്തിനുള്ള വസ്തുക്കൾ ഇറക്കുവാൻ വന്ന വാഹനങ്ങൾ സമരസമിതി തടയുകയും 46 സമരപ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. എന്നാൽ രാത്രിയും പകലുമെന്നില്ലാതെ ദ്രുതഗതിയിൽ കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു. 2016ൽ ഐ.ഒ.സി പ്ലാന്റിനെതിരെ ദേശീയ ഹരിത ട്രിബ്യൂണലിനെ ഞങ്ങൾ സമീപിച്ചു. ഹരിത ട്രിബ്യൂണലിൽ നിന്നും നിർമ്മാണത്തിന് സ്റ്റേ ലഭിച്ചിട്ടും അത് ലംഘിച്ചുകൊണ്ട് പോലീസ് പ്രൊട്ടക്ഷനോടെ കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ തുടരുകയായിരുന്നു. 2016 ഫെബ്രുവരിയിൽ പദ്ധതി പ്രദേശത്തെ ഭൂമി ബലപ്പെടുത്തുന്നതിനായി സാൻഡ് പൈലിംഗ് എന്ന പ്രക്രിയ കമ്പനി ആരംഭിച്ചു. അത് ഗുരുതരമായ രീതിയിൽ അന്തരീക്ഷത്തിൽ പൊടി ഉയരുന്നതിന് കാരണമായി. സാൻഡ് പൈലിംഗ് നടക്കുന്ന സമയത്ത് 400ഓളം പേരാണ് വിവിധ ഇടങ്ങളിൽ ശ്വാസകോശ സംബന്ധമായ രോഗങ്ങളുമായി ചികിത്സ തേടിയത്. ഈ ഗതികെട്ട അവസ്ഥയിലാണ് തദ്ദേശീയർ ശക്തമായ സമരങ്ങളിലേക്ക് ഇറങ്ങിത്തിരിക്കുന്നത്. 2017 ഫെബ്രുവരി 16ന് ഉപരോധ സമരം ആരംഭിച്ചു. അതൊരു ശക്തമായ ജനകീയ മുന്നേറ്റമായിരുന്നു. അതുകൊണ്ടുതന്നെ 2017 മെയ് 11ന് മുഖ്യമന്ത്രി പിണറായി വിജയൻ സമരസമിതിയുമായി ചർച്ച നടത്താൻ സന്നദ്ധമായി. ഈ ചർച്ചയിൽ കമ്പനി സി.ആർ.ഇസഡ് നിയമങ്ങൾ ലംഘിക്കുന്നതായി സമരസമിതി ചൂണ്ടിക്കാണിച്ചിരുന്നു. എന്നാൽ നിർമ്മാണം തുടരട്ടെ, സി.ആർ.ഇസഡ് ചട്ടങ്ങൾ നോക്കേണ്ടതില്ല എന്നതായിരുന്നു മുഖ്യമന്ത്രിയുടെ നിലപാട്. കേരള സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി സി.ആർ.ഇസഡ് നിയമം അനുസരിക്കേണ്ടതില്ല എന്ന് നിലപാടെടുക്കുന്നത് സത്യപ്രതിജ്ഞാ ലംഘനമാണ്.

2017 ജൂൺ 14ന് ആണ് ആദ്യമായി സമരപ്രവർത്തകർക്ക് നേരെ ക്രൂരമായ ലാത്തിച്ചാർജ്ജ് നടക്കുന്നത്. എറണാകുളം റൂറൽ എസ്.പി എ.വി. ജോർജ്ജിന്റെ നേതൃത്വത്തിലാണ് കമ്പനിക്ക് മുന്നിൽവച്ച് അന്ന് ലാത്തിച്ചാർജ്ജ് നടന്നത്. ലാത്തിച്ചാർജ്ജിനെ തുടർന്ന് ജൂൺ 15ന് വൈപ്പിനിൽ ഹർത്താൽ ആചരിച്ചു. എന്നാൽ അടുത്തദിവസം, ജൂൺ 16ന് കമ്പനി വീണ്ടും നിർമ്മാണം പുനരാരംഭിച്ചപ്പോൾ അന്നും ലാത്തിച്ചാർജുണ്ടായി. ഇതിനെതിരെയാണ് എറണാകുളം ഐ.ജി ഓഫീസിലേക്ക് മാർച്ച് നടത്തിയത്. അവിടെ വച്ചാണ് ഡി.സി.പി യതീഷ് ചന്ദ്ര ഒരു പേപ്പട്ടി

⇨ *പഞ്ചായത്തിന് ഈ പദ്ധതിയുടെ മേൽ അവകാശമില്ലെന്ന പൊള്ളയായ വാദമാണ് കമ്പനി മുന്നോട്ടുവയ്ക്കുന്നത്* ⇨

യെപ്പോലെ അവിടെയുണ്ടായിരുന്ന എല്ലാ സമരപ്രവർത്തകരെയും തല്ലിച്ചതച്ചത്. ഇതേ സമയം പുതുവൈപ്പിനിൽ നിന്നും ഐ.ജി ഓഫീസിലേക്ക് വരുകയായിരുന്ന സമരപ്രവർത്തകരെ പോലീസ് തടയുകയും ബസിൽ പൂട്ടിയിടുകയും ചെയ്തു. സ്വകാര്യബസുകൾ തടഞ്ഞ്, വൈപ്പിൻ സ്വദേശികളെ തിരഞ്ഞുപിടിച്ച് ബസിൽ നിന്നും ഇറക്കി അറസ്റ്റ് ചെയ്തു. ഐ.ജി. ഓഫീസിന് മുന്നിൽവച്ച് അറസ്റ്റ് ചെയ്തവരെ എറണാകുളം നോർത്ത് പോലീസ്സ്റ്റേഷനിലേക്കാണ് കൊണ്ടുപോയത്. അവിടെ വച്ച് സ്ത്രീകളെയും കുട്ടികളെയും വയോധികരെയുമെല്ലാം പോലീസ് പലവിധത്തിൽ പീഡിപ്പിച്ചു. ഫെബ്രുവരി 16ന് രാത്രിയിൽ ഫിഷറീസ് മന്ത്രി ജെ. മേഴ്സികുട്ടി അമ്മയുടെ മുൻകൈയിൽ ഒരു ഒത്തുതീർപ്പ് ചർച്ച നടക്കുകയുണ്ടായി. മുഖ്യമന്ത്രിയുമായി നേരിട്ട് ഒരു ചർച്ചയ്ക്ക് അവസരമുണ്ടാകുന്നതുവരെ നിർമ്മാണം നിർത്തിവയ്ക്കാമെന്ന് മേഴ്സികുട്ടി അമ്മ ഉറപ്പുനൽകി. എന്നാൽ ഈ ധാരണയ്ക്ക് വിരുദ്ധമായി ജൂൺ 18ന് കമ്പനി വീണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു. പോലീസ് അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ ജൂൺ 17ന് മാത്രം നിർമ്മാണം നിർത്തിവയ്ക്കാനാണ് തങ്ങൾക്ക് ഉത്തരവ് ലഭിച്ചതെന്നാണ് അവർ പറഞ്ഞത്. മേഴ്സികുട്ടി അമ്മയെ വിളിച്ചപ്പോൾ ഇക്കാര്യത്തിൽ താൻ നിസഹായയാണ് എന്നുപറഞ്ഞ് അവർ ഒഴിയുകയും ചെയ്തു. നിയമലംഘനമൊന്നും പരിഗണിക്കാതെ പണി തുടരുകയാണ് വേണ്ടതെന്ന മുഖ്യമന്ത്രിയുടെ നിലപാടാണ് ഇതിന് പിന്നിലെന്ന് അതോടെ ഞങ്ങൾക്ക് കൂടുതൽ വ്യക്തമായി. ഇതിനെ തുടർന്ന് ജൂൺ 18ന് വിവിധ സംഘടനകൾ സമരത്തിന് ഐക്യദാർഢ്യവുമായി പുതുവൈപ്പിനിലേക്ക് എത്തി. അന്നും അവിടെ ലാത്തിച്ചാർജ്ജ് ഉണ്ടായി. സമാധാനപരമായ സമരത്തിന് നേരെ ഗുരുതരമായ അടിച്ചമർത്തലുകൾ പോലീസിന്റെ ഭാഗത്ത് നിന്നും തുടർച്ചയായി ഉണ്ടാവുകയായിരുന്നു. പുതുവൈപ്പ് സമരത്തിനോട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ഐക്യപ്പെടുന്നതിന് ഇത് കാരണമായിത്തീർന്നു. സമരം പരിഹരിക്കുന്നതിനുള്ള സമ്മർദ്ദം ശക്തമായതോടെ ജൂൺ 21ന് തിരുവനന്തപുരത്ത് വച്ച് സർവ്വകക്ഷി യോഗം വിളിച്ചു. നിർമ്മാണം നിർത്തിവയ്ക്കാനും ഒരു അന്വേഷണ സമിതിയെ നിയോഗിക്കാനും ആ യോഗത്തിൽ തീരുമാനമായി. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസസിലെ ശാസ്ത്രജ്ഞനായ പൂർണ്ണചന്ദ്ര റാവു ചെയർമാനും ഡോ. കെ.വി. തോമസ്, മുൻ ചീഫ് ടൗൺ പ്ലാനർ ഈപ്പൻ വർഗീസ് എന്നിവർ അംഗങ്ങളുമായി അന്വേഷണ സമിതി നിലവിൽ വന്നു. ഇതിന് ശേഷം നിർമ്മാണം നടന്നിട്ടില്ല. കമ്പനിക്ക് മുന്നിൽ ഇപ്പോഴും കാവൽ സമരം തുടർന്നുകൊണ്ടിരിക്കുകയാണ്. സമരം ശക്തമായി നിലനിൽക്കുന്നതുകൊണ്ട് മാത്രമാണ് കമ്പനി ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നിർത്തിവച്ചിരിക്കുന്നത്.

**പുതുവൈപ്പ് എൽ.പി.ജി ടെർമിനലിനെതിരെ എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രമേയം പാസാക്കിയിരുന്നല്ലോ. എന്നാൽ പഞ്ചായത്തിന്റെ എതിർപ്പ് ഒരുതരത്തിലും പരിഗണിക്കപ്പെട്ടതേയില്ല. പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിക്കുന്നത് പഞ്ചായത്തിന്റെ എതിർപ്പിനെ അവഗണിച്ചാണ്. മാത്രമല്ല, പഞ്ചായത്ത് അംഗങ്ങളെപ്പോലും സമരത്തിന്റെ ഭാഗമായി പോലീസ് തെരുവിൽ തല്ലിച്ചതയ്ക്കുന്ന ദയനീയ കാഴ്ചയും കാണേണ്ടി വന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരത്തെ സർക്കാരും കോർപ്പറേറ്റുകളും ചേർന്ന് അട്ടിമറിക്കുന്നതിന്റെ മറ്റൊരു ഉദാഹരണമല്ലേ ഇത്?**

പ്ലാന്റ് സ്ഥിതി ചെയ്യുന്ന എളങ്കുന്നപ്പുഴ പഞ്ചായത്തിനെ ഒന്നും അറിയിക്കാതെയും ഉൾപ്പെടുത്താതെയും മുന്നോട്ടുപോകാനാണ് കമ്പനി ശ്രമിക്കുന്നത്. ഇതിന് ഒത്താശചെയ്യുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. ഇത്തരം ഒരു പദ്ധതി തുടങ്ങുന്നതിന് മുമ്പ് ആദ്യം പഞ്ചായത്തിനെയാണ് അറിയിക്കേണ്ടത്. പദ്ധതി പരിശോധിച്ച് അത് പൊതു ആവശ്യമാണെന്ന് ബോധ്യപ്പെട്ടാൽ കേരള സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനായി ശുപാർശ ചെയ്യണം. തുടർന്ന് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി കേന്ദ്ര മന്ത്രാലയത്തോട് ശുപാർശ ചെയ്യണം. എന്നാൽ ഐ.ഒ.സി പഞ്ചായത്തിനെ മറികടന്ന് നേരിട്ട് സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയെ സമീപിക്കുകയാണ് ചെയ്തത്. പഞ്ചായത്തിന് ഈ പദ്ധതിയുടെ മേൽ അവകാശമില്ലെന്ന പൊള്ളയായ വാദമാണ് കമ്പനി മുന്നോട്ടുവയ്ക്കുന്നത്. പദ്ധതി പ്രദേശം കൊച്ചിൻ പോർട്ടിന്റെ ഭൂമിയായതിനാലും പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുന്നതിനാലുമാണ് കമ്പനി ഈ വാദം ഉന്നയിക്കുന്നത്. യഥാർത്ഥത്തിൽ പോർട്ട് പാട്ടത്തിന് കൊടുത്ത ഭൂമിയിലാണ് എൽ.പി.ജി ടെർമിനൽ നിർമ്മിക്കുന്നത്. ഈ പദ്ധതിക്ക് പോർട്ടിന്

⇨ എന്നാൽ കമ്മീഷന്റെ ഇത്തരം പ്രധാന നിർദ്ദേശങ്ങളൊന്നും സർക്കാർ അംഗീകരിച്ചിട്ടില്ല ⇨



തദ്ദേശവാസികളായ സ്ത്രീകൾ സമരരംഗത്ത്

ലഭിക്കുന്ന എല്ലാ അനുകൂല്യങ്ങളും ലഭിക്കാൻ അർഹതയില്ല. കാരണം ഈ പദ്ധതി പോർട്ടിന്റെ ഓപറേഷനുമായി നേരിട്ട് ബന്ധമുള്ളതല്ല. അതുകൊണ്ടുതന്നെ പഞ്ചായത്തീരാജ് നിയമങ്ങളും ചട്ടങ്ങളുമെല്ലാം കമ്പനിക്ക് ബാധകമാണ്. പഞ്ചായത്തിന്റെ ഇത്തരം അധികാരങ്ങൾ ചില കോടതി വ്യവഹാരങ്ങളെങ്കിലും സ്പഷ്ടമാക്കുന്നുണ്ട്. കമ്പനി പഞ്ചായത്തിൽ നിന്നും അനുമതി തേടാതെ ചുറ്റുമതിൽ പണിത സാഹചര്യത്തിൽ പഞ്ചായത്ത് അതിന് സ്റ്റോപ് മെമ്മോ നൽകിയിരുന്നു. സ്റ്റോപ് മെമ്മോയ്ക്കെതിരെ കമ്പനി കോടതിയിൽ ഹർജി നൽകി. ഈ കേസിൽ കമ്പനിയുടെ വാദം കൂടി കേട്ടിട്ട് പഞ്ചായത്തിനോട് തന്നെ തീരുമാനമെടുക്കാനാണ് കോടി വിധിച്ചത്. ഈ നിർദ്ദേശപ്രകാരം കമ്പനി അധികൃതർ ഒരു തവണ മാത്രമാണ് പഞ്ചായത്തിനെ സമീപിച്ചത്. അന്ന് യാതൊരു രേഖകളും കമ്പനി സമർപ്പിച്ചതുമില്ല. എന്നാൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പോലീസ് പ്രൊട്ടക്ഷനോടെ മതിൽ പണി പൂർത്തിയാക്കുകയും ചെയ്തു. ദേശീയ ഹരിത ട്രിബ്യൂണലിൽ നടന്ന വാദത്തിൽ പ്ലാന്റ് നിർമ്മാണം പരിശോധിക്കാൻ പഞ്ചായത്ത് സെക്രട്ടറിയെ കോടതി ചുമതലപ്പെടുത്തുന്നുണ്ട്. ഐ.ഒ.സി അധികൃതർ പഞ്ചായത്ത് സെക്രട്ടറിയെ പദ്ധതി നിർമ്മാണം പരിശോധിക്കാൻ അനുവദിക്കാത്ത സാഹചര്യത്തിലാണ് കോടതിയിൽ ഈ വിഷയം ഉന്നയിക്കേണ്ടി വന്നത്. പഞ്ചായത്ത് സെക്രട്ടറി പ്ലാന്റ് പരിശോധിക്കുകയും വിശദമായ സത്യവാങ്മൂലം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. പാരിസ്ഥിതിക അനുമതി നൽകിക്കൊണ്ട് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി മുന്നോട്ടുവച്ച വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് നിർമ്മാണം നടക്കുന്നതെന്ന് പഞ്ചായത്ത് സെക്രട്ടറി കണ്ടെത്തിയിരുന്നു. സി.ആർ.ഇസഡ് മേഖലയിലാണ് നിർമ്മാണം നടക്കുന്നതെന്നും സി.ആർ.ഇസഡിന്റെ സ്വഭാവം മാറ്റിമറിക്കുന്നതരത്തിൽ മെഷനറി ഉപയോഗിച്ച് കരിങ്കൽച്ചീളുകൾ ഭൂമിയിൽ അടിച്ചുകയറ്റുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

പഞ്ചായത്തിന് പദ്ധതിക്ക് മേൽ അധികാരമില്ലെന്ന് പറയുന്നതിന് മറ്റൊരു കാരണം പദ്ധതി പ്രദേശം പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുന്നു എന്നതാണ്. നിയമപരമായി ഈ രാജ്യത്തിന് എല്ലാ അവകാശങ്ങളും ഉള്ളപ്പോൾ തന്നെ നികുതി ഇളവുകളും തൊഴിൽ നിയമങ്ങളിൽ മുതലാളിയുടെ പക്ഷത്ത് നിന്നുമുള്ള വ്യാഖ്യാനവുമാണ് സ്പെഷ്യൽ ഇക്കണോമിക് സോണിന്റെ കാതൽ. 2007ലെ സെസ് ചട്ടങ്ങളിൽ പ്രാദേശിക ഭരണകൂടത്തിന്റെ അനുമതികൾ എല്ലാ നിർമ്മാണത്തിനും ആവശ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. 2008ലെ കേരള സംസ്ഥാന സ്പെഷ്യൽ ഇക്കണോമിക് സോൺ പോളിസി പ്രകാരം കേരള പഞ്ചായത്തീരാജ് ആക്ട് പ്രത്യേക സാമ്പത്തിക മേഖലകൾക്ക് ബാധകമാണെന്ന് പറയുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട അനുമതികൾ ഒന്നുമില്ലാതെയാണ് കമ്പനി ഇവിടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. ഐ.ഒ.സി പദ്ധതിക്കെതിരെ ഗ്രാമസഭകളും പഞ്ചായത്തും ഐകകണ്ഠേന പ്രമേയം പാസാക്കിയിട്ടുള്ളതാണ്. ഗ്രാമസഭ പാസാക്കിയ പ്രമേയം പൊതുതെളിവെടുപ്പിൽ ഹാജരാക്കിയിരുന്നു. ഇത്തരം രേഖകളൊന്നും കേന്ദ്രത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധികാരത്തെ മാനിക്കാതെയാണ് പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തം. ഇത്തരം അവകാശങ്ങളെ പരിഗണിക്കാതിരിക്കുകയും പരാമർശിക്കാതിരിക്കുകയുമാണ് കോടതികളും ചെയ്യുന്നത്. നോം ചോംസ്കി ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്, “ലോകത്തെവിടെയും ഭരണഘടന കോർപ്പറേറ്റ് കമ്പനികൾക്ക് പ്രത്യേക അവകാശങ്ങൾ നൽകുന്നില്ല. കമ്പനികൾ ഈ അവകാശങ്ങൾ നേടിയെടുക്കുന്നത് കോടതികളെ ഉപയോഗിച്ചുകൊണ്ടാണ്”. ഇതാണ് ഇന്ത്യയിലും നടക്കുന്നത്. കോടതികളുടെ ചി

ല പരാമർശങ്ങളെ ഉദ്യോഗസ്ഥരുടെ സ്വാധീനം ഉപയോഗിച്ച് ഉത്തരവുകളായി വ്യാഖ്യാനിക്കുന്നു. ചിലപ്പോൾ എല്ലാ നിയമങ്ങളെയും അവഗണിച്ച് കോടതികൾ ഉത്തരവുകൾ ഇറക്കുകയും ചെയ്യുന്നു. കോടതികളുടെ മനഃപൂർവ്വമോ അല്ലാതെയോ ഉള്ള വീഴ്ചകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കോർപ്പറേറ്റുകൾ പ്രത്യേക അധികാരം നേടിയെടുക്കുന്നത്.

**സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്? സമര സമിതിക്ക് ആ നിർദ്ദേശങ്ങൾ സ്വീകാര്യമാണോ?**

അന്വേഷണ കമ്മീഷനെ സർക്കാർ നിയോഗിച്ചതുതന്നെ ഏകപക്ഷീയമായാണ്. വ്യവസായ വകുപ്പാണ് അന്വേഷണ കമ്മീഷനെ നിയോഗിച്ച് ഉത്തരവിറക്കുന്നത്. ഉത്തരവിൽ പറയുന്നതുതന്നെ ഇതൊരു അത്യാവശ്യ പദ്ധതിയാണെന്നാണ്. മാത്രമല്ല, സമരസമിതി ഉന്നയിച്ച കാര്യങ്ങൾ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിരുന്നുമില്ല. എന്നാൽ ഒരന്വേഷണവും ആവശ്യമില്ല എന്നതിൽ നിന്നും അന്വേഷണം ആവശ്യമാണ് എന്നതിലേക്കുള്ള സർക്കാരിന്റെ നിലപാടുമാറ്റത്തെ സമര സമിതി സ്വാഗതം ചെയ്യുകയായിരുന്നു. സമരസമിതി ഉന്നയിച്ച ആശങ്കകളെല്ലാം യാഥാർത്ഥ്യമാണെന്ന് കമ്മീഷൻ കണ്ടെത്തി. പ്രധാനമായും 15 നിർദ്ദേശങ്ങളാണ് കമ്മിറ്റി മുന്നോട്ടുവച്ചത്. ഒന്നൊഴികെ എല്ലാ അനുമതികളും കമ്പനിക്ക് ലഭിച്ചിട്ടുണ്ട് എന്നാണ് കമ്മിറ്റിയുടെ കണ്ടെത്തൽ. ഇതുവരെയും കമ്പനിക്ക് ലഭിക്കാത്ത ആ അനുമതി 'ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ' ആണ്. ഒരു ദുരന്തം സംഭവിച്ചാൽ എന്തുചെയ്യണം എന്ന പ്ലാൻ. 2012ൽ പണി പൂർത്തിയാക്കേണ്ട കമ്പനിക്ക് ഇതുവരെയും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഇല്ല എന്നതാണ് അത്ഭുതം. മറ്റ് പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ഇവയാണ്.

ബി.പി.സി.എൽ ക്രൂഡ് ഓയിൽ പ്ലാന്റ്, പെട്രോനെറ്റ് എൽ.എൻ.ജി പ്ലാന്റ്, നിർദ്ദിഷ്ട ഐ.ഒ.സി പ്ലാന്റ് എന്നിവയോട് ചേർത്ത് സമഗ്രമായ റിസ്ക് അനാലിസിസ് നടത്തണം, കടലാക്രമണത്തെ നേരിടാൻ ഐ.ഒ.സി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കടൽഭിത്തി കാലഹരണപ്പെട്ടതാണ്, മണൽ ഉപയോഗിച്ചുള്ള പരിഹാരമാർഗ്ഗങ്ങളാണ് അഭികാമ്യം, സമുദ്രജലനിരപ്പ് ഉയരുന്നതും കടലാക്രമണവും പരിഗണിച്ച് പദ്ധതി പ്രദേശം തറനിരപ്പിൽ നിന്നും 3.8 മീറ്റർ ഉയർത്തണം. എന്നാൽ കമ്മീഷന്റെ ഇത്തരം പ്രധാന നിർദ്ദേശങ്ങളൊന്നും സർക്കാർ അംഗീകരിച്ചിട്ടില്ല. അതുപോലെ റോഡിന് പടിഞ്ഞാറുള്ള ചില വീട്ടുകാരെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്നും അവർക്ക് നഷ്ടപരിഹാരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നുണ്ട്. ഇത്തരം സുപ്രധാന കാര്യങ്ങളിലൊന്നും തീരുമാനമെടുക്കാതെ നിസ്സാരമായ കാര്യങ്ങളാണ് സർക്കാർ അംഗീകരിച്ചിരിക്കുന്നത്. ഗ്രീൻ ബെൽറ്റിന്റെ നിർമ്മാണം, സി.എസ്.ആർ ഫണ്ടിന്റെ വിനിയോഗം, ഡ്രെയിനേജ് നിർമ്മാണം എന്നിവ മാത്രമാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്.

**ഈ എൽ.പി.ജി പ്ലാന്റ് കാരണം എന്തെല്ലാം പാരിസ്ഥിതിക ആഘാതങ്ങൾക്കാണ് പുതുവൈപ്പ് സാക്ഷിയാകുന്നത്?**

സി.ആർ.ഇസഡ് നിയമങ്ങളും പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകളും ലംഘിച്ചുകൊണ്ടാണ് എൽ.പി.ജി സംഭരണശാലയുടെ നിർമ്മാണം നടക്കുന്നത്. പദ്ധതിക്ക് പാരിസ്ഥിതിക അനുമതി നൽകിയതിനൊപ്പം പരിസ്ഥിതി മന്ത്രാലയം ചില പ്രത്യേക നിബന്ധനകൾ കൂടി നൽകുന്നുണ്ട്. ഇതുപ്രകാരം ഹൈടൈഡ് ലൈനിൽ നിന്നും 200 മീറ്ററിനും 300 മീറ്ററിനും ഇടയിലുള്ള ദൂരത്തിലാണ് പ്ലാന്റ് സ്ഥാപിക്കേണ്ടത്. നിർമ്മാണം തുടങ്ങിയതിന് ശേഷം കടൽ എട്ട് വർഷത്തിനുള്ളിൽ 40 മീറ്റർ കയറിയിട്ടുണ്ട്. അതായത് 2009ലെ ഹൈടൈഡ് ലൈനിൽ നിന്നും 200 മീറ്റർ പരിധിക്കുള്ളിലായാണ് ഇപ്പോൾ പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. ഇത് ചട്ടങ്ങളുടെ നഗ്നമായ ലംഘനമാണ്. ചതുപ്പ് നിലങ്ങളും കണ്ടൽക്കാടുകളും നിറഞ്ഞ സി.ആർ.ഇസഡ് - 1 മേഖലയിലാണ് കമ്പനി പ്രവർത്തിക്കുന്നത്. എന്നാൽ പദ്ധതി പ്രദേശം സി.ആർ.ഇസഡ് - 1 ഉൾപ്പെടുന്നതല്ല എന്ന് വാദിച്ചുകൊണ്ടാണ് കമ്പനി പാരിസ്ഥിതിക അനുമതി നേടിയെടുത്തത്. പദ്ധതിക്ക് അംഗീകാരം നേടുന്നതിനായി സമർപ്പിച്ച പാരിസ്ഥിതിക ആഘാത പഠനത്തിൽ പദ്ധതിയുടെ കോർഡിനേറ്റ് തെറ്റായാണ് നൽകിയിരിക്കുന്നത്. ഡോ. വി.എസ്. വിജയന്റെ നേതൃത്വത്തിൽ സലിം അലി ഫൗണ്ടേഷൻ നടത്തിയ പഠനത്തിൽ ഇത് തെറ്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കോർഡിനേറ്റ്സിന്റെ യഥാർത്ഥ സ്ഥാനം ഹൈടൈഡ് ലൈനിൽ നിന്നും 800 മീറ്റർ അകലെയാണ്.

ചതുപ്പ് നിലങ്ങളും കണ്ടൽക്കാടുകളും നിറഞ്ഞ പുതുവൈപ്പ് പ്രദേശം ഏറെ പാരിസ്ഥിതിക പ്രാധാന്യം കൂടിയതാണ്. പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യം അനുസരിച്ച് രണ്ടാമത്തെ മൂല്യം കൂടിയ ഇക്കോസിസ്റ്റമാണ് കണ്ടൽക്കാടുകളും ചതുപ്പ് നിലങ്ങളും. പൊതുവിൽ ഇവയുടെ മൂല്യം 126 കോ

ടി ഹെക്ടർ/വർഷം ആണ്. 15 ഹെക്ടർ ചതുപ്പ് നിലമാണ് എൽ.പി.ജി പ്ലാന്റിന് മണ്ണിട്ട് നികത്തിയത്. ഇതുമൂലം നഷ്ടമായ പാരിസ്ഥിതിക സേവനത്തിന്റെ മൂല്യം കണക്കാക്കിയാൽ ഏകദേശം 18,87,96,925 രൂപ/വർഷം ആണ്. ഈ ഇക്കോസിസ്റ്റത്തിന് പ്രദേശത്തെ ആവാസവ്യവസ്ഥയെ നിലനിർത്തുന്നതിൽ പ്രധാന പങ്കാണുള്ളത്. ഭക്ഷ്യശൃംഖലയുടെ അടിസ്ഥാന ആവശ്യങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നത് ഇവിടെയാണ്. കാലാവസ്ഥാ നിയന്ത്രണം, മണ്ണൊലിപ്പ് തടയൽ, കാർബൺ സ്റ്റോറേജ്, മാലിന്യ സംസ്കരണം, ന്യൂട്രിയന്റ് സൈക്ലിംഗ്, ജനറ്റിക് റിസോഴ്സസ് എന്നിവ പ്രദാനം ചെയ്യുന്നതിലും ഈ ഇക്കോസിസ്റ്റം പങ്കുവഹിക്കുന്നുണ്ട്. വലിയ അളവിൽ കണ്ടൽക്കാടുകളും ചതുപ്പ് നിലങ്ങളും എൽ.പി.ജി പ്ലാന്റിന്റെ വടക്കേ അറ്റത്തെ മതിൽ മുതൽ ആർ.എം.പി കനാലിന്റെ മൗത്ത് വരെ എൽ.എൻ.ജി, എൽ.പി.ജി, ക്രൂഡോയിൽ പ്ലാന്റുകൾ കാരണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്ലാന്റുകളിൽ നിന്നുള്ള സ്ലെഡ്ജ് ഒഴുകി ആവാസവ്യവസ്ഥയുടെ ജീവനാഡിയായ ആർ.എം.പി കനാലും പൂർണ്ണമായും നശിച്ചുകൊണ്ടിരിക്കുകയാണ്. പ്രദേശത്തെ മത്സ്യസമ്പത്തിനെ നിർണ്ണയിക്കുന്നതിൽ ആർ.എം.പി കനാലിന്റെ പങ്ക് വലുതാണെന്നോർക്കണം.

ഏറെ ദുർബലമായതും സ്ഥിരമല്ലാത്തതുമായ കരയാണ് പുതുവൈപ്പിനിലേത്. നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 40 മീറ്ററാണ് ഇവിടെ കടൽ കരയിലേക്ക് കയറിയിരിക്കുന്നത്. എന്നാൽ ഇപ്പോഴും കടൽകയറ്റത്തെ പ്രതിരോധിക്കാൻ കാലഹരണപ്പെട്ട പുലിമുട്ട് മാതൃകകളാണ് കമ്പനികൾ പരിഗണിക്കുന്നത്. പുലിമുട്ടുകൾ അശാസ്ത്രീയമാണെന്ന് സർക്കാർ തന്നെ നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പറയുന്നുണ്ട്, "ഇന്ത്യൻ സമുദ്രത്തിലെ തീരപ്രദേശങ്ങളിൽ സമുദ്ര നിരപ്പ് ഉയരുന്നുണ്ട്. സെൻട്രൽ വാട്ടർ കമ്മീഷൻ നടത്തിയ പഠനത്തിൽ കൊച്ചിയിലെ സമുദ്ര നിരപ്പിന്റെ ഉയർച്ച പ്രതിവർഷം 1.75 മില്ലിമീറ്റർ ആണ്. ഐ.ഒ.സിയുടെ പ്രൊജക്ട് റിപ്പോർട്ട് തീരശോഷണത്തെ നേരിടാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ കാലഹരണപ്പെട്ട ഡാറ്റ ഉപയോഗിച്ചുള്ളതാണ്. 1968 മുതൽ 1996 വരെയുള്ള വർഷത്തെ എൻ.ഐ.ഒ തയ്യാറാക്കിയ ഷിപ്പ് ഒബ്സർവ്ഡ് ഡാറ്റായാണ് ഐ.ഒ.സി ഉപയോഗിച്ചിട്ടുള്ളത്. മണൽ ഉപയോഗിച്ചുള്ള തീരസംരക്ഷണമാണ് കൊച്ചിയിലെ തീരത്തിന് അഭികാമ്യം." എന്നാൽ സമുദ്രനിരപ്പ് ഉയരുന്ന പ്രതിഭാസത്തെയും കാലാവസ്ഥാവ്യതിയാനത്തെയും ഉൾക്കൊള്ളാൻ കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ തയ്യാറല്ല.

ജൈവവൈവിധ്യം കൊണ്ട് സമ്പന്നമാണ് പുതുവൈപ്പ് പ്രദേശം. ഡോ. വി.എസ്. വിജയന്റെ നേതൃത്വത്തിലുള്ള ജനകീയ കമ്മിറ്റി തയ്യാറാക്കിയ പഠനം ഇതിന് അടിവരയിടുന്നു. 204 ഇനം സസ്യങ്ങളാണ് ഈ പഠനത്തിന്റെ ഭാഗമായി ഇവിടെ തിരിച്ചറിഞ്ഞിട്ടുള്ളത്. ഇതിൽ ആറെണ്ണം ഇവിടെ മാത്രം കാണുന്നവയാണ്. രണ്ട് ഇനം സസ്യങ്ങൾ വംശനാശ ഭീഷണി നേരിടുന്നതുമാണ്. 10 തരം കണ്ടലുകളും 30 തരം കണ്ടൽ അസോസിയേറ്റുകളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്. സീഗൾ, റഷ്യയുടെ തീരത്ത് നിന്നും വരുന്ന വേട്ടപ്പൊങ്ങത്തി, എരണ്ട തുടങ്ങിയ പക്ഷികളെയെല്ലാം മുമ്പ് ഇവിടെ കാണാമായിരുന്നു. കമ്പനികളുടെ വരവ് ഇവയിൽ പലതിന്റെയും സാന്നിധ്യം ഇല്ലാതാക്കിയിട്ടുണ്ട്. 21 തരം പക്ഷികളെയാണ് ഡോ. വി.എസ്. വിജയന്റെ പഠനം ലിസ്റ്റ് ചെയ്തിരിക്കുന്നത്. ഐ.യു.സി.എൻ പട്ടിക പ്രകാരം ഇതിൽ ഒരെണ്ണം വംശനാശ ഭീഷണി നേരിടുന്നതും ആറ് എണ്ണം വംശനാശ ഭീഷണി നേരിടാൻ സാധ്യതയുള്ളതുമാണ്.

ഏറെ ദുർബലമായതും സ്ഥിരമല്ലാത്തതുമായ കരയാണ് പുതുവൈപ്പിനിലേത്. നേരത്തെ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 40 മീറ്ററാണ് ഇവിടെ കടൽ കരയിലേക്ക് കയറിയിരിക്കുന്നത്. എന്നാൽ ഇപ്പോഴും കടൽകയറ്റത്തെ പ്രതിരോധിക്കാൻ കാലഹരണപ്പെട്ട പുലിമുട്ട് മാതൃകകളാണ് കമ്പനികൾ ഇപ്പോഴും പരിഗണിക്കുന്നത്. പുലിമുട്ടുകൾ അശാസ്ത്രീയമാണെന്ന് സർക്കാർ തന്നെ നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പറയുന്നുണ്ട്.

**സുരക്ഷാ പ്രശ്നങ്ങളാണല്ലോ പ്ലാന്റിനെതിരെ തദ്ദേശീയർ പ്രധാനമായും ഉന്നയിക്കുന്ന സംഗതി. സുരക്ഷ എന്തുകൊണ്ടാണ് ഇത്രവലിയ ഒരുപ്രശ്നമായി മാറുന്നതെന്ന് വിശദീകരിക്കാമോ?**

15450 ടൺ ശേഷിയുള്ള എൽ.പി.ജി സംഭരണശാലയാണ് പുതുവൈപ്പിനിൽ ഐ.ഒ.സി നിർമ്മിക്കുന്നത്. ഉദയംപേരൂരിലെയോ ചെളാരിയിലെയോ പോലെയുള്ള ചെറിയ ബോ




ട്ട്ലിംഗ് പ്ലാന്റല്ല ഇവിടെയുള്ളത്. മറിച്ച്, എൽ.പി.ജി മൗണ്ടഡ് സ്റ്റോറേജുകളിൽ സൂക്ഷിച്ച് ഒരു ദിവസം 250 മുതൽ 500 വരെ ടാങ്കറുകളിൽ നിറക്കുകയാണ് ഇവിടെ ചെയ്യുക. ആറ് ലക്ഷം ടൺ എൽ.പി.ജിയാണ് ഒരു വർഷം ഇവിടെ സംഭരിക്കുക. ഉയർന്ന ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണ് വൈപ്പിൻ. ചുവന്ന കാറ്റഗറിയിൽ അപകടകരമായിട്ടുള്ള ഈ സംഭരണശാലയിൽ നിന്നും ജനവാസ മേഖലയിലേക്കുള്ള ദൂരം 30 മീറ്റർ മാത്രമാണ്. പരിസ്ഥിതി മന്ത്രാലയത്തിന്റെ എൽ.പി.ജി സംഭരണികളിൽ നിന്നും ജനവാസമേഖലയിലേക്കുള്ള ദൂരം നിർണ്ണയിക്കുന്ന നിർദ്ദേശങ്ങൾ ഇപ്രകാരമാണ് പറയുന്നത്. മൂന്ന് ലക്ഷം ജനസംഖ്യയുള്ള ഒരു പ്രദേശത്ത് നിന്നും 25 കിലോമീറ്റർ എങ്കിലും അകലെയായിരിക്കണം എൽ.പി.ജി പ്ലാന്റ് സ്ഥാപിക്കേണ്ടത്. എന്നാൽ ജി.സി.ഡി.എ ഓഫീസിൽ നിന്നും സംഭരണശാലയിലേക്കുള്ള ദൂരം ക്രൗ ഫ്ളൈ (കാക്ക പറക്കുന്നതുപോലെ) അനുസരിച്ച് 9.23 കിലോമീറ്റർ ആണ്. ജി.സി.ഡി.എ.യുടെ ജനസംഖ്യ ആറ് ലക്ഷവും അങ്ങനെ വരുമ്പോൾ പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് എതിരായാണ് ഈ പ്ലാന്റിന്റെ നിർമ്മാണം നടക്കുന്നത്.

പ്രൊപ്പെയ്നും ബ്യൂട്ടേനും 60:40 എന്ന അനുപാതത്തിലാണ് ഇന്ത്യയിൽ എൽ.പി.ജി സംഭരിക്കുക. ഈ വാതകത്തിന് വായുവിനേക്കാൾ സാന്ദ്രത ഉണ്ട്. അതിനാൽ ചോർച്ച ഉണ്ടായാൽ ഈ വാതകം താഴ്ന്ന പ്രദേശങ്ങളിൽ കെട്ടിക്കിടക്കും. എൽ.പി.ജിയ്ക്ക് മണം നൽകുന്നത് മെർക്ക്യാപ്റ്റൻ എന്ന പദാർത്ഥമാണ്. ഇന്ത്യൻ സ്റ്റാൻഡേർഡ് അനുസരിച്ച് 10 ppm ആണ് മെർക്കാപ്പ്റ്റന്റെ എൽ.പി.ജിയിലെ അനുവദനീയമായ അളവ്. എന്നാൽ അമേരിക്കൻ സ്ഥാപനമായ ഒക്യുപ്പേഷൻ സേഫ്റ്റി ആൻഡ് ഹെൽത്ത് ഏജൻസിയുടെ കണക്ക് പ്രകാരം മെർക്ക്യാപ്റ്റന്റെ അനുവദനീയമായ എയർ ബോൺ എക്സ്പോഷർ 0.5 ppm ആണ്. ഇന്ത്യയിൽ മെർക്ക്യാപ്റ്റൻ അളവ് കൂടുതലാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. അമേരിക്കയിലെ ന്യു ജേഴ്സി ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് ആന്റ് സീനിയർ സർവ്വീസ് തയ്യാറാക്കിയ ഹസാർഡസ് സബ്സ്റ്റൻസ് ഫാക്ട് ഷീറ്റ് പ്രകാരം മെർക്ക്യാപ്റ്റൻ ശ്വസിക്കുന്നത് കരൾ, വൃക്ക എന്നിവയെ ഗുരുതരമായി ബാധിക്കും. കൂടിയ അളവിൽ ശ്വസിച്ചാൽ മരണം വരെ സംഭവിക്കാം.

സാധാരണ പ്രവൃത്തിസമയങ്ങളിൽ പോലും എൽ.പി.ജി പ്ലാന്റിന് ഏറ്റവുമടുത്ത് താമസിക്കുന്നവർക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ സാധ്യതയുണ്ട്. ടാങ്കർ ലോറികളിൽ വാതകം നിറക്കുന്ന സമയത്ത് പഫിംഗ് ലോസ് എന്ന പ്രക്രിയ മുഖേന ചെറിയ രീതിയിൽ എൽ.പി.ജി അന്തരീക്ഷത്തിൽ കലരും. ഒരു ടാങ്കർ ലോറിയിൽ വാതകം നിറഞ്ഞാൽ മോട്ടോർ ഓഫ് ചെയ്യില്ല. ഈ സമയത്ത് ഹോസിൽ ഓവർലോഡ് ഉണ്ടാകും. ഓവർലോഡ് നിയന്ത്രിക്കുന്നതിനായി ലൈനിൽ ഒരു വാൽവ് ഘടിപ്പിക്കുകയും അത് താനെ തുറന്ന് കൊടുക്കുകയും ചെയ്യും. ഇതിനെയാണ് പഫിംഗ് ലോസ് എന്നു പറയുന്നത്. 30 മീറ്റർ മാത്രം അകലെയുള്ള വീട്ടുകാരെ ബുദ്ധിമുട്ടിലാക്കാൻ പഫിംഗ് ലോസ് മാത്രം മതി.

ചെറിയ ലീക്കുകൾ പോലും ജനങ്ങളുടെ സമാധാനപരമായ ജീവിതത്തെ ഇല്ലാതാക്കും. പദ്ധതിപ്രദേശത്തിന്റെ ലൊക്കേഷൻ ഇവിടെ പ്രധാനപ്പെട്ടതാണ്. എസ്‌ക്കേപ്പ് റൂട്ട് ഇല്ലാത്ത ഒരു എലിക്കെണിയാണ് ഈ പ്രദേശം. വൈപ്പിൻകര ശരാശരി രണ്ട് കിലോമീറ്റർ വീതിയും 26 കിലോമീറ്റർ നീളവുമുള്ള ഒരു ദ്വീപാണ്. ഇതിന്റെ തെക്കേ അറ്റത്ത് പുതുതായി രൂപംക്കൊണ്ട ഒരു കരയാണ് പുതുവൈപ്പ്. പുതുവൈപ്പിനെ മെയിൻ റോഡുമായി ബന്ധിപ്പിക്കുന്നത് നാല് റോഡുകളാണ്. ഇതിൽ ബെൽബോ, വളപ്പ് എന്ന പേരിലറിയപ്പെടുന്ന റോഡുകൾ തിരക്ക് നിറഞ്ഞതും ഇടുങ്ങിയതുമാണ്. ഒരപകടമുണ്ടായാൽ ഫയർഫോഴ്‌സിന് കടന്നുവരാൻ ഈ റോഡുകൾ മതിയാകില്ല. ഐ.ഒ.സി പ്ലാന്റിന് മുമ്പിലുള്ള റോഡ് വടക്ക് വശത്ത് അവസാനിക്കുന്ന നോ തറോ ഫെയർ ആണ്. ഈ റോഡിലൂടെ തെക്കോട്ട് സഞ്ചരിച്ചാൽ എൽ.എൻ.ജി സംഭരണശാലയുടെയും ബി.പി.സി.എല്ലിന്റെയും മുമ്പിലൂടെ കടന്നുപോകേണ്ടി വരും. ഒരു അപകടം ഉണ്ടായാൽ ഉപയോഗിക്കുവാൻ സാധിക്കുന്നത് പുതുവൈപ്പ് ബീച്ച് ലൈറ്റ് ഹൗസ് റോഡ് മാത്രമാണ്. തീരദേശത്ത് കാറ്റ് മിക്കവാറും പടിഞ്ഞാറ് നിന്നും കിഴക്കോട്ടായിരിക്കും. അപകടമുണ്ടായാൽ കാറ്റിന് എതിർദിശയിൽ സഞ്ചരിക്കണമെന്നാണ് സുരക്ഷാ മാനുവലുകളിൽ പറയുന്നത്. അങ്ങനെയാണെങ്കിൽ ജനങ്ങളെല്ലാം കടലിലേക്ക് ഓടേണ്ടിവരും. വലിയ രീതിയിൽ ഗ്യാസ് ലീക്ക് ചെയ്താൽ ഈ ജനമെല്ലാം അരക്കില്ലത്തിൽപ്പെട്ടപോലാകും.

ഇത്തരം പ്രതിബന്ധങ്ങളെല്ലാം മറികടന്ന് ജനങ്ങൾ മെയിൻ റോഡിൽ എത്തിയാൽ തന്നെ കൊച്ചിയിലേക്ക് യാത്ര ചെയ്യാനുള്ള എളുപ്പമാർഗ്ഗം ഗോശ്രീ പാലം വഴിയാണ്. സാധാരണഗതിയിൽ തന്നെ തിരക്ക് നിറഞ്ഞ റോഡാണിത്. 2006ലെ സുനാമിയിൽ ജനങ്ങൾ പരിഭ്രാന്തരായി വാഹനങ്ങളുമായി പുറത്തിറങ്ങിയപ്പോൾ ഈ റോഡിൽ വലിയ ബ്ലോക്ക് ഉണ്ടാകുകയും ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. മെയിൻ ലാൻഡുമായി ബന്ധിപ്പിക്കുന്ന മറ്റൊരു പാലം 27 കിലോമീറ്റർ അകലെയുള്ള ചെറായിയിലും. നമുക്ക് ഊഹിക്കാൻ ആകാത്ത വിധത്തിൽ വൈപ്പിനെ മുഴുവൻ ബാധിക്കുന്ന ഒരു അപകടമാകും വലിയ ലീക്കുണ്ടായാൽ സംഭവിക്കുക. ഇതിനോടൊപ്പം ചേർത്തുവായിക്കേണ്ട മറ്റ് ചില കാര്യങ്ങളുമുണ്ട്. ഇതുവരെയും ഐ.ഒ.സിക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഇല്ല. ഫയർ ഫൈറ്റിംഗിനായി കടപ്പുറത്ത് കുഴൽകിണർ കുഴിക്കുമെന്നാണ് പ്രൊജക്ട് റിപ്പോർട്ടിൽ ഐ.ഒ.സി അധികൃതർ സൂചിപ്പിക്കുന്നത്. എന്നാൽ സി.ആർ.ഇസഡ് മേഖലയിൽ കുഴൽകിണർ അനുവദനീയമല്ല. പൊതുതെളിവെടുപ്പിൽ ഇതുന്നയിച്ചപ്പോൾ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുമെന്നാണ് ഐ.ഒ.സി എഴുതി നൽകിയത്. ഇതിനായി വലിയ കുളങ്ങൾ പ്രൊജക്ട് സൈറ്റിൽ പണിയാൻ തുടങ്ങി. എന്നാൽ ഇത് പ്രായോഗികമായ ഒരു രീതിയല്ല. ഒരു തവണ തീപിടുത്തമുണ്ടായാൽ ഈ വെള്ളം ഉപയോഗിക്കേണ്ടി വരും. പിന്നീട് മഴ പെയ്യുന്നതുവരെ എന്തുചെയ്യും? സാങ്കേതികമായി പ്രായോഗികമല്ലാത്ത മാതൃകയാണ് ഐ.ഒ.സി മുന്നോട്ടുവയ്ക്കുന്നത്. ഫയർ ഫൈറ്റിംഗിന് ഉപ്പുവെള്ളം ഉപയോഗിക്കുക സാധാരണ സാധ്യമല്ല. ഫയർ ഫൈറ്റിംഗിന് വെള്ളത്തിന്റെ സ്രോതസ്സ് ഇല്ലാത്ത ഒരു പ്രദേശം കൂടിയാണിത്.

ഒരു വലിയ ലീക്ക് ഉണ്ടാകുന്ന സമയത്ത് സ്‌ഫോടനത്തിന് കാരണമാകുന്ന ഒരുപാട് വസ്തുക്കൾ നമ്മുടെ വീടുകളിലുണ്ട്. 2009 ഡിസംബറിൽ കരുനാഗപ്പള്ളിയിൽ മാരുതി കാർ ലോറിയുമായി കൂട്ടിയിടിച്ച് എൽ.പി.ജി ടാങ്കർ അപകടത്തിൽപ്പെട്ടപ്പോൾ ഒരു പോലീസ് ജീപ്പ് സ്റ്റാർട് ചെയ്തതിനെ തുടർന്നുണ്ടായ തീപ്പൊരിയാണ് ദുരന്തമുണ്ടാക്കിയത്. സമീപ പ്രദേശങ്ങളിലെ ഇരുചക്ര വാഹനങ്ങൾ വരെ പൊട്ടിത്തെറിക്കുന്ന സാഹചര്യമുണ്ടായി. ലീക്ക് ചെയ്യുന്ന സമയത്തുണ്ടാകുന്ന ക്ലൗഡ്, സ്‌ഫോടനത്തിന് കാരണമാകുന്ന തീപ്പൊരിയുമായി കൂട്ടിമുട്ടിയാൽ സ്‌ഫോടനം ഉണ്ടാകും. ഇത് ചന്ദനത്തിരിയാകാം, തീപ്പെട്ടിയാകാം, സ്വിച് ഓൺ ചെയ്യുന്നതാകാം, വാഹനം സ്റ്റാർട്ട് ചെയ്യുന്നതാകാം. ഇതിനെ അൺകൺഫൈൻഡ് വേപർ ക്ലൗഡ് എക്‌സ്‌പ്ലോഷൻ (Unconfined Vapor Cloud Explosion -UCVE) എന്നാണ് പറയുക. ഇതിന് യാതൊരു വിധത്തിലുള്ള മറുപടിയും നൽകാൻ ഐ.ഒ.സി അധികൃതർക്ക് സാധിക്കുന്നില്ല. മൗണ്ടഡ് സ്റ്റോറേജുകളിൽ boiling liquid expanding vapour explosion ഉണ്ടാകില്ലെന്ന് ഐ.ഒ.സി ഉറപ്പ് നൽകുന്നു. എന്നാൽ Unconfined Vapor Cloud Explosionന് സാധ്യത കൂടുതലാണിവിടെ. ഈ സ്‌ഫോടനം ഏതുതരം സംഭരണശാലയിലും ഉണ്ടാകും. ഫിലിപ്പൈൻസിലെ കൽകുവ എൽ.പി.ജി സ്റ്റോറേജിൽ നടന്നത് ഇത്തരത്തിലുള്ള അപകടമാണ്. ഡോ. വി.എസ്. വിജയന്റെ പഠന റിപ്പോർട്ടിൽ boiling liquid expanding vapour explosion നെക്കുറിച്ച് കൂടുതൽ വിശദമായി പറയുന്നുണ്ട്. പാരി

സ്ഥിതിക ആഘാത പഠനം പറയുന്നത്, boiling liquid expanding vapour explosion ഒരു സ്റ്റോറേജിൽ സംഭവിക്കില്ല എന്നാണ്. എന്നാൽ ഇതേ ഡോക്യുമെന്റിൽ മറ്റൊരിടത്ത് ഇതിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടാങ്കറിന്റെ സേഫ്ടി വാൽവ് ശരിയായ രീതിയിൽ പ്രവർത്തിക്കാതിരിക്കുമ്പോഴും സേഫ്ടി വാൽവിന്റെ രൂപകൽപ്പനയിൽ പിഴവ് ഉണ്ടെങ്കിലും boiling liquid expanding vapour explosion എന്ന പ്രതിഭാസം സംഭവിക്കാം. അത്തരം സാഹചര്യത്തിൽ വെസൽ പിളരുകയും അതിൽ നിന്നും ഉണ്ടാകുന്ന ജ്വലനം വലിയ പൊട്ടിത്തെറിയിലേക്ക് നയിക്കുകയും ചെയ്യും. 1985ൽ മെക്സിക്കോയിലെ സാൻ ജുവാനിക്കോയിൽ ഉണ്ടായത് ഇത്തരത്തിലുള്ള അപകടമാണ്. ഇവിടെ ആദ്യം ഒരു ലീക്കേജ് ആണ് ഉണ്ടായത്. അവിടെ വേപർ ക്ലൗണ്ട് ഉണ്ടാവുകയും ഇത് ജ്വലിക്കുകയും ചെയ്തു. ഇത് പ്ലാന്റിൽ വലിയ പൊട്ടിത്തെറിയുണ്ടാക്കി. ഒരു മണിക്കൂറിനുള്ളിൽ 12 ഓളം പൊട്ടിത്തെറികളാണ് പിന്നീടുണ്ടായത്. ഈ സ്ഫോടനങ്ങൾ സംഭവിച്ചത് boiling liquid expanding vapour explosion മൂലമാണ്. ഇതിന് കാരണമാകുന്നത് സ്റ്റോറേജ് ടാങ്കറുകളിലുണ്ടാകുന്ന വിള്ളലുകളാണ്. പ്ലാന്റിലുണ്ടായ സ്ഫോടനങ്ങളെ തുടർന്ന് സമീപ പ്രദേശങ്ങളിലെ വീടുകളിലെ വരെ ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിക്കുകയുണ്ടായി. എൽ.പി.ജി സ്റ്റോറേജുകൾ സുരക്ഷിതമാണെന്ന വാദമാണ് ഇവിടെ പൊളിയുന്നത്. പുതുവൈപ്പിനിൽ നിന്നും എൽ.പി.ജി നിറച്ചുപോകുന്ന ടാങ്കർ ലോറികളിലും boiling liquid expanding vapour explosion ഉണ്ടാകാം.

**ബി.പി.സി.എൽ റിഫൈനറി നവീകരണം നടത്തിക്കഴിഞ്ഞു. അതിന് ശേഷവും ഐ.ഒ.സി.യുടെ എൽ.പി.ജി സംഭരണശാലയുടെ പ്രവർത്തനങ്ങൾ നടക്കുന്നു. അതോടൊപ്പം തന്നെയാണ് കണ്ടങ്കാളിയിൽ ക്രൂഡ് ഉത്പ്പന്നങ്ങൾ സംഭരിക്കുവാനുള്ള പദ്ധതിയും വരുന്നത്. ഇത്തരത്തിൽ കേരളത്തെ ക്രൂഡ് ഓയിൽ ഉത്പ്പന്നങ്ങളുടെ സംഭരണശാലയാക്കി മാറ്റുന്നതിന് പിന്നിലുള്ള ലക്ഷ്യമെന്തായിരിക്കും ?**

അടുത്ത ഇരുപത് വർഷത്തിനുള്ളിൽ എണ്ണ ഉത്പ്പന്നങ്ങളെ കേന്ദ്രീകരിച്ചുക്കൊണ്ടുള്ള സമ്പദ്‌വ്യവസ്ഥയിൽ നിന്നും മാറുന്നതിനായി ലോകരാജ്യങ്ങൾ നയങ്ങൾ മാറ്റുമ്പോഴാണ് വരുന്ന മുപ്പത് വർഷത്തേക്കുള്ള ആവശ്യം പരിഹരിക്കുന്നതിനായി പുതുവൈപ്പിനിലേതുപോലുള്ള പദ്ധതികൾ ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്നത്. എണ്ണയുടെ ഉത്പ്പാദനവും ഉപഭോഗവും അവസാനഘട്ടത്തിലെത്തിയ സാഹചര്യത്തിൽ പരമാവധി ലാഭം നേടിയെടുക്കുക എന്നതാണ് എണ്ണക്കമ്പനികളുടെ ഇപ്പോഴത്തെ ലക്ഷ്യം. ഊഹക്കച്ചവടം ഏറെ നടക്കുന്ന ഒരു മേഖല കൂടിയാണിത്. എണ്ണയുടെ ഉപഭോഗം ഉയരാതെതന്നെ ഇന്ത്യയിൽ എണ്ണയ്ക്ക് വില കൂടുന്നത് നാം കാണാറുണ്ട്. യുദ്ധങ്ങൾ, സംഘർഷങ്ങൾ, വിവിധ രാജ്യങ്ങളുടെ ആവശ്യങ്ങൾ എന്ന തരത്തിലുള്ള വ്യാജവാർത്തകളുടെ മറവിലാണ് ക്രൂഡ് ഓയിൽ വിലയിൽ വ്യത്യാസങ്ങളുണ്ടാകുന്നത്. ഈ ഊഹക്കച്ചവടത്തിൽ ലാഭം കൊയ്യാൻ കൂടിയാണ് എണ്ണക്കമ്പനികൾ ലോകമെമ്പാടും സംഭരണശാലകൾ പണിയുന്നത്. ഇന്ത്യ ഗവൺമെന്റ് 2018ൽ ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ്സ് എന്ന പേരിൽ അബുദാബി നാഷണൽ ഓയിൽ കമ്പനിയുമായി എം.ഒ.യു ഒപ്പുവെച്ചിട്ടുണ്ട്. ഇന്ത്യയുടെ 30 ദിവസത്തെ ആവശ്യത്തിനുള്ള എണ്ണ ഈ പദ്ധതിയോടെ കരുതലായി ശേഖരിച്ചുവെക്കാൻ സാധിക്കുമെന്നതാണ് ധാരണയുടെ നേട്ടമായി ഇന്ത്യൻ ഗവൺമെന്റ് പറയുന്നത്. എന്നാൽ കരാർ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിൽ സൂക്ഷിക്കുന്ന എണ്ണയുടെ നിശ്ചിത ശതമാനം അഡ്നോക്കിന് ലോക വിപണിയിൽ എമ്പാടും വിൽക്കാനും സാധിക്കും. ഇതാണ് ഈ കരാറിലെ കള്ളക്കളി. അഡ്നോക്കിന്റെ ഓയിൽ സംഭരിച്ച് വയ്ക്കാനുള്ള ഗോഡൗണുകളായി നമ്മുടെ മലകളെയും തീരങ്ങളെയും മാറ്റിയിരിക്കുകയാണ്. ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ് ലിമിറ്റഡ് ഇന്ത്യയിൽ മൂന്നിടത്ത് ഇതിനായി മലകൾ തുരന്നുള്ള ഭൂമിക്കടിയിൽ സംഭരണശാലകൾ നിർമ്മിച്ച് കഴിഞ്ഞു. വിശാഖപട്ടണത്തും (1.33 mt) മംഗലാപുരത്തും (1.5 mt) പാഡൂർ(2.5 mt) ലുമായി 5.33 mt ക്രൂഡ് ഓയിൽ സംഭരിക്കാൻ കഴിയും. അഡ്നോക്കിന് ഈ സംഭരണശാലയിലെ ഓയിൽ പ്രാദേശികതലത്തിലും വിൽപ്പന നടത്താനുള്ള അനുവാദമുണ്ട്. രത്നഗിരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 60 മില്യൺ ടൺ ശേഷിയുള്ള സംഭരണശാലയും ഇത്തരത്തിൽ ഉപയോഗപ്പെടുത്തേക്കാം. കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി.യുടെ ഭീമാകാരമായ ഒരു ടാങ്ക് നിലവിൽ ഇതേ രീതിയിൽ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. എല്ലാ ഇടങ്ങളിലും ഇത്തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കുന്നുണ്ട്. ഊഹക്കച്ചവടത്തിൽ എണ്ണയ്ക്ക് വില കൂടുമ്പോൾ എണ്ണക്കമ്പനികൾക്ക് യഥേഷ്ടം എണ്ണ വിൽക്കാം.

കണ്ടങ്കാളിയിലെ സംഭരണിയെ ഈ സാഹചര്യത്തിലാണ് നോക്കിക്കാണേണ്ടത്. എണ്ണയുടെ സംഭരണം ഇത്തരത്തിൽ വർദ്ധിക്കുമ്പോൾ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനായി വിതരണശൃംഖലയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് വേർത്തിരിച്ച ഉത്പ്പന്നങ്ങൾ സൂക്ഷിക്കുന്ന പദ്ധതിയാണ് കണ്ടങ്കാളിയിലേത്. സംഭരണം കൂടുന്നതിനോടൊപ്പം ഉപഭോഗം കൂട്ടുന്നതിനുള്ള അനുബന്ധ പദ്ധതിയാണിത്. ഇരുപത് വർഷത്തിനുള്ളിൽ തീർന്നുപോയേക്കാവുന്ന (ഉണ്ടെങ്കിൽപ്പോലും ഉപയോഗിക്കാൻ പറ്റാ ത്ത സ്ഥിതി) ഒരു ഉത്പ്പന്നത്തിൽ നിന്നും പരമാവധി ലാഭം കൊയ്യു




ക എന്ന എണ്ണക്കമ്പനികളുടെ ലക്ഷ്യമാണ് ഇതിന് പിന്നിലെല്ലാം.

**അദാനിക്ക് ഈ പദ്ധതിയിലുള്ള താത്പര്യങ്ങൾ കൂടുതൽ വിശദമാക്കാമോ?**

ഇന്ത്യൻ ഓയിൽ കോർപ്പറേഷനും അദാനിയും തമ്മിലുള്ള വാണിജ്യബന്ധത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. പഴക്കമുള്ളതുകൊണ്ടായിരിക്കാം അതിന് ശക്തിയും കൂടുതലാണ്. ഗുജറാത്തിലെ അദാനിയുടെ ഉടമസ്ഥതയിലുള്ള മുന്ദ്ര പോർട്ടിലെ ഭൂമി പാട്ടത്തിനെടുത്തത് സംബന്ധിച്ച അഴിമതി ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. ഒരു ഏക്കറിന് 1.29 ലക്ഷം രൂപയ്ക്ക് അദാനിക്ക് ലഭിച്ച ഭൂമി ഏക്കറിന് 29 ലക്ഷം രൂപയ്ക്ക് ഏറ്റെടുത്തിരിക്കുന്നത് പൊതുമേഖലാ സ്ഥാപനമായ ഐ.ഒ.സി ആണ്. ഈ അഴിമതിയിലൂടെയാണ് ഇവർ തമ്മിലുള്ള ബന്ധം തുടങ്ങുന്നത്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് ലിമിറ്റഡ് എന്ന പേരിൽ ജോയിന്റ് വെഞ്ചർ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് കൊച്ചി കോർപ്പറേഷന്റെ അനുമതി ലഭിക്കുകയും എറണാകുളം സൗത്തിൽ റോഡ് വെട്ടിപ്പൊളിക്കുന്നതിനുള്ള പണികൾ തുടങ്ങുകയും ചെയ്തിരുന്നു. ഇതിന് അനുമതി നൽകുന്നതിന് മുമ്പ് കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിൽ റോഡ് വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി റേറ്റിനെ സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. പി.ഡബ്ല്യു.ഡി റേറ്റാണ് കൊച്ചി കോർപ്പറേഷൻ ആവശ്യപ്പെട്ടത്. എന്നാൽ ഈ റേറ്റിലും താഴെ അനുമതി നൽകണം എന്നതായിരുന്നു സംസ്ഥാന സർക്കാരിന്റെ ആവശ്യം. എന്നാൽ അത് അവഗണിച്ച് പി.ഡബ്ല്യു.ഡി റേറ്റിന് തന്നെ അനുമതി നൽകുകയാണ് കോർപ്പറേഷൻ ചെയ്തത്. ഐ.ഒ.സിക്കും അദാനിക്കും ആനുകൂല്യങ്ങൾ നൽകാൻ പണിപ്പെടുന്ന സർക്കാരിനെയാണ് ഇവിടെ കാണാൻ കഴിയുന്നത്. അദാനിക്ക് മറ്റൊരു ലക്ഷ്യം കൂടിയുണ്ട്,
എൽ.പി.ജിയുടെ മറ്റൊരു രൂപമായ എസ്.എൻ.ജി (സിന്തറ്റിക് നാചറൽ ഗ്യാസ്) വിതരണത്തിലും അദാനി അതിയായ താത്പര്യമെടുക്കുന്നുണ്ട്. എൽ.എൻ.ജി സപ്ലൈ ചെയ്യുന്ന അതേ ബർണ്ണറിൽത്തന്നെ എസ്.എൻ.ജിയും വിതരണം ചെയ്യാൻ കഴിയും. പുതുവൈപ്പിനിലെ സംഭരണി ഇതിന്റെയെല്ലാം കേന്ദ്രമാക്കാനാണ് ഐ.ഒ.സിയും അദാനിയും ശ്രമിക്കുന്നത്.

**ഗോശ്രീ പാലത്തിന്റെ നിർമ്മാണവും പ്രത്യേക സാമ്പത്തിക മേഖലാ പ്രഖ്യാപനവും പുതുവൈപ്പിനെ സംബന്ധിച്ച് രണ്ട് പ്രധാന സംഭവങ്ങളാണല്ലോ. പുതുവൈപ്പിന്റെ തദ്ദേശീയജനതയെ എങ്ങിനെയാണ് ഇവ ബാധിച്ചത് ?**

വിദ്യാഭ്യാസപരമായും സാമൂഹികപരമായും പിന്നോക്കം നിൽക്കുന്ന മനുഷ്യർ ജീവിക്കുന്ന ഇടമാണ് പുതുവൈപ്പിൻ. പാരിസ്ഥിതികമായി ദുർബലമായ ഈ പ്രദേശം കണ്ടൽക്കാടുകളാലും ചതുപ്പ് നിലങ്ങളാലും സമ്പന്നമാണ്. 70 കൊല്ലത്തിനിടയിൽ രൂപപ്പെട്ട പദ്ധതിപ്രദേശത്തിന്റെ തീരം അസ്ഥിരമാണ്. ആഴക്കടലായിരുന്ന ഈ പ്രദേശത്ത് നൂറ്റാണ്ടുകൾക്ക് മുമ്പും കരവെച്ചിരുന്നു. അങ്ങനെ കരവെച്ച ഭൂമിയിൽ പോർച്ചുഗീസുകാർ ഒരു കുരിശ് സ്ഥാപിച്ചിരുന്നു. എന്നാൽ ഈ സ്ഥലം കടലെടുത്ത് കപ്പലുകൾ ഓടാൻ പാകത്തിലുള്ള സ്ഥലമായി പിന്നീട് മാറി. കഴിഞ്ഞ 70 വർഷങ്ങൾക്കുള്ളിലാണ് ഇവിടെ വീണ്ടും കര വെക്കുന്നത്. വലിയ രീതിയിലുള്ള മനുഷ്യപ്രയത്നംകൊണ്ട് മാത്രമാണ് ഇവിടുത്തെ വാസയോഗ്യമായ സ്ഥലങ്ങൾ നിർമ്മി

ച്ചെടുത്തത്. കൊച്ചി നഗരത്തിലേക്ക് യാത്ര ചെയ്യുന്നതിന് ബോട്ടുകളെയാണ് ആശ്രയിച്ചിരുന്നത്. ഈ യാത്ര ഏറെ സമയമെടുക്കുന്നതും അപകടകരവുമായിരുന്നു. ഇതിനെല്ലാം പരിഹാരമായിട്ടാണ് ഗോശ്രീ പാലം 2004ൽ പൂർത്തീകരിക്കുന്നത്. എന്നാൽ ഗോശ്രീ പാലത്തിന്റെ വരവിന് ശേഷം ജനങ്ങളുന്നയിച്ച വികസനങ്ങളൊന്നും തന്നെ വെപ്പിനിലെത്തിയില്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ, റോഡുകൾ, ആശുപത്രി തുടങ്ങിയ ആവശ്യങ്ങളൊന്നും പരിഗണിക്കപ്പെട്ടില്ല. ചുവന്ന കാറ്റഗറിയിൽപ്പെടുന്ന അപകടകരമായ രാസവസ്തുക്കളുടെ സംഭരണകേന്ദ്രമായി മാറുകയായിരുന്നു പിന്നീട് പുതുവൈപ്പിൻ. 2006ൽ പുതുവൈപ്പിനിൽ കൊച്ചി പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള 285.813 ഹെക്ടർ ഭൂമി പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ നിലവിൽ വന്നു. പുതുവൈപ്പിനിലെ ജനങ്ങളുമായോ എളങ്കുന്നപ്പുഴ പഞ്ചായത്തുമായോ യാതൊരു തരത്തിലുള്ള ആലോചനയുമില്ലാതെയാണ് ഏകജാലക സംവിധാനത്തിലൂടെ പ്രത്യേക സാമ്പത്തിക മോഖലാ പ്രഖ്യാപനം വരുന്നത്. ഇത് തികച്ചും ജനാധിപത്യ വിരുദ്ധവും 73, 74 ഭരണഘടനാ ഭേദഗതി ലംഘനവുമാണ്.

കൊച്ചിൻ റിഫൈനറിയുടെ ക്രൂഡ് ഓയിൽ സംഭരിക്കുന്ന ടാങ്ക്ഫാം ആണ് ആദ്യം വൈപ്പിനിലെത്തുന്നത്. ക്രൂഡ് ഓയിൽ സംഭരണിക്കെതിരെ മത്സ്യത്തൊഴിലാളികൾ പ്രതിഷേധം ഉയർത്തിയപ്പോൾ ഹാർബർ പണിത് നൽകാമെന്ന വാഗ്ദാനം നൽകി പ്രതിഷേധം ഇല്ലാതാക്കി. ഈ വാഗ്ദാനം പാലിക്കപ്പെട്ടില്ല. മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന 68 ഹെക്ടർ കടൽത്തീരമാണ് ഈ സംഭരണിക്ക് വേണ്ടി ഏറ്റെടുത്തത്. 2013ൽ കമ്മീഷൻ ചെയ്ത പെട്രോനെറ്റ് എൽ.എൻ.ജി കമ്പനിക്ക് വേണ്ടി ഏറ്റെടുത്ത 34 ഹെക്ടറും കടലിനഭിമുഖമായുള്ള പ്രദേശമാണ്. കൊച്ചിൻ റിഫൈനറിയുടെ ക്രൂഡ് ഓയിൽ സംഭരണിയും പെട്രോനെറ്റും ചേർന്ന് പുതുവൈപ്പിന്റെ അമ്പത് ശതമാനം കടൽത്തീരവും കവർന്നെടുത്തു. അവശേഷിച്ച സ്ഥലത്താണ് ഇപ്പോൾ ഐ.ഒ.സി.യുടെ എൽ.പി.ജി സംഭരണശാല നിർമ്മിക്കുന്നത്. മൂന്ന് പദ്ധതികളും ചേർന്ന് പരമ്പരാഗതമായി മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ചിരുന്ന തീരം കയ്യേറി മത്സ്യത്തൊഴിലാളികൾക്ക് കടലിലേക്കും തീരത്തേക്കുമുള്ള പ്രവേശനം തടസ്സപ്പെടുത്തി. ഐ.ഒ.സി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഫിഷർമെൻ കോറിഡോർ എന്ന പേരിൽ 1.84 ഹെക്ടർ പ്രദേശമാണ് മത്സ്യത്തൊഴിലാളികൾക്കായി നീക്കിവെക്കുന്നത്. മൂന്ന് പദ്ധതികളും ചേർന്ന് 117 ഹെക്ടർ കയ്യേറിയിടത്താണ് വെറും 1.84 ഹെക്ടർ പരിഹാരമായി നൽകുന്നത്. മണലുള്ള തീരങ്ങൾ വഞ്ചികളിറക്കുന്നതിനായി ആവശ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് വല നന്നാക്കുന്നതിനും മീൻ ഉണക്കുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്നതും കടൽത്തീരം തന്നെയാണ്. ഇപ്പോൾ ഫിഷർമെൻ കോറിഡോർ എന്ന പേരിൽ ഒഴിച്ചിട്ടിരിക്കുന്ന 160 മീറ്ററിൽ എല്ലാ വഞ്ചികളും ഇറക്കുക സാധ്യവുമല്ല. വഞ്ചികളവിടെയെത്തിക്കാൻ കര മാർഗ്ഗം കിലോമീറ്ററുകൾ സഞ്ചരിക്കുകയും വേണം. ഇത് വലിയ ചിലവാണ് മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാക്കുന്നത്. കൊച്ചിൻ റിഫൈനറിയുടെ ക്രൂഡ് ഓയിൽ സംഭരണശാലയുടെ സമീപത്ത് മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് ആദ്യം സർക്കാർ ഉത്തരവിറക്കിയെങ്കിലും പിന്നീടത് പിൻവലിച്ചു. എന്നാൽ ഇപ്പോഴും ഇവിടെ അപ്രഖ്യാപിത വിലക്ക് തുടരുന്ന സാഹചര്യമാണ്.

പെട്രോനെറ്റ് എൽ.എൻ.ജി കമ്പനി പുതുവൈപ്പിനിലെ ജനങ്ങളോട് കൊടും ചതിയാണ് ചെയ്യുന്നത്. 95 ശതമാനം പണിപൂർത്തിയാക്കിയതിന് ശേഷമാണ് ഈ പദ്ധതിയുടെ പൊതു തെളിവെടുപ്പ് നടന്നത്. 90 കളിൽ നിലവിലെ സംഭരണിയുടെ പകുതി ശേഷമുള്ള ഒരു സംഭരണശാലയ്ക്ക് അനുമതി ലഭിച്ചിരുന്നു. ഇതേ അനുമതി ഉപയോഗിച്ചാണ് നിയമവിരുദ്ധമായി നിലവിലെ എൽ. എൻ.ജി പദ്ധതിയുടെ പണി നടക്കുന്നത്. പിന്നീട് നിർമ്മാണം 95 ശതമാനവും പൂർത്തിയായതിന് ശേഷം വീണ്ടും പൊതുതെളിവെടുപ്പ് നടത്തിയത്. ഈ പദ്ധതിയുടെ മൊത്തം ചിലവിന്റെ അഞ്ച് ശതമാനം തുക പ്രാദേശികവികസനത്തിനായി ചിലവഴിക്കണമെന്ന് പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ നിർദ്ദേശമുണ്ടായിരുന്നു. അതുപ്രകാരം 250 കോടി രൂപയാണ് പ്രാദേശികവികസനത്തിന് വേണ്ടി മാറ്റിവെക്കുന്നത്. ഈ തുകയ്ക്ക് വേണ്ടി ജനങ്ങൾ സമരം ചെയ്തു. ഒടുവിൽ 16 കോടി രൂപയ്ക്ക് പഞ്ചായത്തുമായി ധാരണയായി. എന്നാൽ ഈ ധാരണയും അട്ടിമറിക്കപ്പെട്ടു. എന്നിട്ടും പെട്രോനെറ്റ് എൽ.എൻ.ജിക്കെതിരെ യാതൊരു നടപടിയും സർക്കാർ സംവിധാനങ്ങൾ സ്വീകരിച്ചില്ല. ഇതിനെതിരെ, ധാരണയുടെ രണ്ടാം എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ മിനിറ്റ്സ് രേഖകളുമായി ഞാൻ വിജിലൻസിനെ സമീപിച്ചു. ഒരു സ്വകാര്യ കമ്പനിയാണെന്ന്

⇨ കൂടാതെ, പ്രാദേശിക വിഭവങ്ങളെയും തീരത്ത് നടന്നുക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾ നശിപ്പിക്കുന്നുണ്ട് ⇨

ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുള്ള പെട്രോനൈറ്റ്സി നെ സഹായിക്കുന്ന നിലപാട് കൃത്യമായ അഴിമതിയാണ്. എന്നാൽ വിജിലൻസ് ഇതുവരെ കേസ് രജിസ്ട്രർ ചെയ്യാൻ തയ്യാറായിട്ടില്ല.

ഒരു പ്രദേശത്ത് ഒരു പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് പദ്ധതി ഭാവിയിൽ പ്രദേശത്തെ എങ്ങനെ ദോഷകരമായി ബാധിക്കുമെന്ന് പഠിക്കുകയും അത് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും ചെയ്യണം. ഇവിടെ ജനങ്ങൾക്ക് വരുമാനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്ന തരത്തിൽ യാതൊരുവിധ പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. കൊച്ചിൻ റിഫൈനറിയുടെ ക്രൂഡ് ഓയിൽ സംഭരണി പെട്രോനെറ്റ് എൽ.എൻ.ജി, ഐ.ഒ.സി.യുടെ എൽ.പി.ജി സംഭരണശാല എന്നിവ ചേർന്ന് 117 ഹെക്ടർ ചതുപ്പുനിലങ്ങളും കണ്ടൽക്കാടുകളുമാണ് നികത്തിയത്. മത്സ്യങ്ങളുടെ ആഹാരമായ സസ്യപ്ലവകങ്ങൾ, ജന്തുപ്ലവകങ്ങൾ, മൈക്രോബ്സ് എന്നിവയെല്ലാം രൂപംകൊള്ളുന്നത് ഈ പ്രദേശങ്ങളിലാണ്. അതോടൊപ്പം കണ്ടൽക്കാടുകൾ മത്സ്യങ്ങളുടെ സ്വാഭാവിക നഴ്സറിയായും പ്രവർത്തിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന നിരവധി മത്സ്യങ്ങൾ അറബിക്കടലിൽ പ്രജനനം നടത്തുകയും കടൽജലത്തിന്റെ കയറ്റം നടക്കുന്ന സമയത്ത് മത്സ്യക്കുഞ്ഞുങ്ങൾ ആർ.എം.പി കനാലിലൂടെ ചതുപ്പുനിലങ്ങളിലും കനാൽ നെറ്റ്‌വർക്കുകളിലും പ്രവേശിക്കുക പതിവായിരുന്നു. ഇത്തരം ചതുപ്പുനിലങ്ങളും കണ്ടൽക്കാടുകളും ഇല്ലാതായതും ആർ.എം.പി കനാലിന്റെ വീതി കുറഞ്ഞതും പ്രദേശത്തെ മത്സ്യസമ്പത്തിനെ ഭീമാകരമായ അളവിൽ ഇല്ലാതാക്കുന്നു. ചെറിയ കനാലുകൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ നിന്നും ഫിഷറീസ് യൂണി വേഴ്സിറ്റിയും തദ്ദേശീയരും മത്സ്യങ്ങളെ പിടിച്ച് വിറ്റിരുന്നു. പുതുവൈപ്പിനിൽ മത്സ്യക്കുഞ്ഞുങ്ങളെ വിറ്റിരുന്ന ഫിഷറീസ് യൂണിവേഴ്സിറ്റിയിലെ കണക്കുകൾ ഡോ. വി.എസ് വിജയന്റെ പഠനറിപ്പോർട്ടിൽ പറയുന്നുണ്ട്. ഈ കണക്കുകൾ പ്രകാരം 2010ൽ ലഭിച്ച പൂമീന്റെ എണ്ണം 9100 ആയിരുന്നെങ്കിൽ 2016 ൽ ഇത് പാടെ ഇല്ലാതായിരിക്കുന്നു. കണമ്പിന്റെ ലഭ്യത 2010ൽ 10,700 ആയിരുന്നു. 2016ൽ ലഭ്യമായത് വെറും 43 എണ്ണം മാത്രമാണ്. ഈ റിപ്പോർട്ടുകൾ മാത്രം മതി തീരത്തെ വികസനങ്ങൾ തദ്ദേശീയ ജനതയുടെ വരുമാനം ഇല്ലാതാക്കുന്നു എന്ന് മനസ്സിലാക്കാൻ. മത്സ്യം മാത്രമല്ല തീരദേശത്ത് നിന്നും ഇല്ലാതായത്. ഇപ്പോൾ എൽ.എൻ.ജി പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലം കക്ക ധാരാളമായി ലഭിച്ചിരുന്ന സ്ഥലമായിരുന്നു. പ്രാദേശികമായി മുരിങ്ങ എന്ന പേരിലറിയപ്പെടുന്ന കക്ക mollusca വിഭാഗത്തിൽപ്പെടുന്നതാണ്. 50 ലേറെ പേർ അംഗങ്ങളായിരുന്ന കക്കവാരൽ തൊഴിലാളി സഹകരണസംഘവും ഇവിടെ പ്രവർത്തിച്ചിരുന്നു.

ഈ കണക്കുകൾ പ്രകാരം 2010ൽ ലഭിച്ച പൂമീന്റെ എണ്ണം 9100 ആയിരുന്നെങ്കിൽ 2016 ൽ ഇത് പാടെ ഇല്ലാതായിരിക്കുന്നു. കണമ്പിന്റെ ലഭ്യത 2010ൽ 10,700 ആയിരുന്നു. 2016ൽ ലഭ്യമായത് വെറും 43 എണ്ണം മാത്രമാണ്. ഈ റിപ്പോർട്ടുകൾ മാത്രം മതി തീരത്തെ വികസനങ്ങൾ തദ്ദേശീയ ജനതയുടെ വരുമാനം ഇല്ലാതാക്കുന്നു എന്ന് മനസ്സിലാക്കാൻ.

ഇന്ന് ഒന്നോ രണ്ടോ പേരാണ് ഈ ജോലി ചെയ്യുന്നത്. കൂടാതെ, പ്രാദേശിക വിഭവങ്ങളെയും തീരത്ത് നടന്നുക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾ നശിപ്പിക്കുന്നുണ്ട്. കടപ്പുറത്ത് അടിയുന്ന മണൽ വീടുകളുടെ തറ ഉറപ്പിക്കുന്നതിനും മുറ്റം ഭംഗിക്കുന്നതിനും നാട്ടുകാർ ഉപയോഗിച്ചിരുന്നു. ഇത് ഏറ്റെടുത്ത് വിൽക്കുന്ന തൊഴിലിൽ ഏർപ്പെട്ടവരുമുണ്ടായിരുന്നു. ഈ തൊഴിലും ഇന്ന് അനുവദനീയമല്ല. അതേ സാഹചര്യത്തിൽ തന്നെ കൊച്ചിൻ പോർട്ട് ട്രസ്റ്റ് സി.ഐ.എസ്.എഫിന്റെ സംരക്ഷണത്തോടെ ലോറിക്കണക്കിന് മണ്ണ് വിൽക്കുന്നുമുണ്ട്. ഒരു പ്രദേശത്തെ വിഭവങ്ങളുടെ മേലുള്ള അവകാശം അവിടുത്തെ പ്രാദേശിക ജനതയ്ക്കാണ്. ഇത്തരം എല്ലാ അവകാശങ്ങളും കമ്പനികളും സർക്കാരും ചേർന്ന് നിഷേധിക്കുകയാണ്.■


**കേരളീയം**
**വരിസംഖ്യ അയയ്ക്കുമല്ലോ**

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ : 300 രൂപ,**
**സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ–680021**
ഫോൺ : 0487 2421385, 9446586943